കേരള സർക്കാർ

# പൂത്തൃക്ക ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇകെഎം(പി1)1625/2018

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 13.09.2018

പ്രസിഡന്റ് ,
പൂതൃക്ക ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം : പൂതൃക്ക ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.ഇ.കെ.എം (പി.1) /1625/2018 തിയ്യതി: 13.09.2018

എറണാകുളം ജില്ലയിലെ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 എന്നീ സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചും എക്സിറ്റ് മീറ്റിംഗിലെ ചർച്ചകൾക്കും ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | :ശ്രീമതി ജയ സി ആർ ഡെപ്യൂട്ടിഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 05.07.2018 മുതൽ 17.07.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. പോളി റ്റി ഒ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജലജ എം കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബബിത ബി കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ അനീഷ് ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡൻറ് | ശ്രീമതി ഷിജിമോൾ അജയകുമാർ | 01.04.17 | 31.03.18 |
| വൈസ് പ്രസിഡന്റ് | ശ്രീ വിജു നത്തുംമോളത്ത് | 1.4.2017 | 31.3.2018 |

| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി സീമ കെ സാജു | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ പോൾ വെട്ടിക്കാടൻ | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി സാലി ബേബി | 1.4.2017 | 31.3.18 |

.

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ ദീപു ദിവാകരൻ | 01.04.17 | 19.01.2018 |
| | | 24.01.18 | 31.03.18 |
| | ശ്രീ അജിത്കുമാർ കെ എസ് | 20.01.18 | 23.01.18 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജയൻ കെ സി | 01.04.17 | 17.06.17 |
| | ശ്രീ എസ് സുരേഷ് ബാബു | 18.06.17 | 28.06.17 |
| | ശ്രീ അജിത്കുമാർ കെ എസ് | 29.06.17 | 31.03.18 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഡൗലിൻ പീറ്റേഴ്സ് | 01.04.17 | 20.07.17 |
| | ശ്രീമതി ലേഖ കെ കെ | 21.07.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. അനീഷ് ബേബി | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വന്ദന ഗോപാലകൃഷ്ണൻ | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീദേവി എ എസ് | 01.04.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (പൂത്തൃക്ക) | ശ്രീമതി സോബി തോമസ് | 01.04.17 | 03.07.17 |
| | ശ്രീ രാജേഷ് റ്റി | 04.07.17 | 31.03.18 |
| ലേഡി വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വടയമ്പാടി) | ശ്രീമതി നെൽസി ദേവസി | 01.04.17 | 03.07.17 |
| | ശ്രീമതി സോബി തോമസ് | 04.07.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (തമ്മാനിമറ്റം) | ശ്രീ റിതോഷ് പ്രകാശ് വി | 01.04.17 | 31.03.18 |
| ഹെഡ് മാസ്റ്റർ/ഹെഡ് മിസ്ട്രസ് GLPS | ശ്രീമതി ഒ പി ഉഷ | 1.4.2017 | 07.09.17 |
| | ശ്രീ സി വി മധുസൂദനൻ | 08.09.17 | 31.03.18 |
| സീനിയർ വെറ്റിനറി സർജൻ | ഡോ.എൻ കെ ഷാജു | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ദിനേശ് റ്റി എം | 01.04.2017<br>08.08.2017 | 24.04.2017<br>31.03.2018 |
| | ശ്രീമതി പാർവ്വതി ദാസ് | 25.04.2017 | 07.08.2017 |

| | | | |
|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി റഹീന ബീവി എം എം | 01.04.17 | 27.06.17 |
| | ശ്രീമതി ജയ കെ ആർ | 28.06.17 | 31.03.18 |

ഉള്ളടക്കം

.



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 | |
| | ഭാഗം 2 | | |
| 14 | വസ്തുനികുതി – അപാകതകൾ | 2-1 | |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 | |
| | ഭാഗം- 3 | | |
| 16 | തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് | 3-1 | |
| 17 | സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണഭിത്തി നിർമ്മിച്ചത് – ആവശ്യകത വ്യക്തമല്ല | 3-2 | |
| 18 | മരാമത്ത് പ്രവൃത്തികൾ – റോഡ് മെയിന്റനൻസ് അപാകതകൾ | 3-3 | |
| 19 | കുടിവെള്ള പദ്ധതികൾ – അപാകതകൾ | 3-4 | |
| 20 | ചിറാകണ്ടം – ചിറബാട്ടുപടി റോഡ് റീടാറിംഗ് – രേഖകൾ ലഭ്യമല്ല | 3-5 | |
| 21 | കൗമാര ക്ലബ്ബിനു ലൈബ്രറി ബുക്ക് വാങ്ങിയതിൽ അപാകത | 3-6 | |
| 22 | ഗുണഭോക്തൃവിഹിതം അധികം ഈടാക്കി | 3-7 | |
| 23 | പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തണം | 3-8 | |
| 24 | ചെലവ് രേഖകളില്ല – തുക തടസ്സപ്പെടുത്തുന്നു | 3-9 | |
| 25 | മുഴുവൻ മരുന്ന് ലഭിച്ചില്ല | 3-10 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 33 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 37 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.2018 തിയതിയിലെ പതിനഞ്ചാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 30.04.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | KSA-EKM (PG) 1786(66)/2018dt. 4.7.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തികവിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 15534379 |
| വരവ് | 60641945 |
| ആകെ | 76176324 |
| ചെലവ് | 66119536 |
| നീക്കിയിരിപ്പ് | 10056788 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 0 | 10042000 | 10042000 | 8611737 | - | 1430263 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 0 | 5364721 | 5364721 | 4160824 | - | 1203897 |
| 3 | വികസന ഫണ്ട് (ടി.എസ് .പി) | 0 | 371849 | 371849 | 281634 | - | 90215 |
| 4 | മെയിന്റനൻസ് (റോഡ്) | 0 | 24678000 | 24678000 | 13530796 | - | 11147204 |
| 5 | മെയിന്റനൻസ് (റോഡിതരം) | 0 | 2591000 | 2591000 | 1626435 | - | 964565 |
| 6 | സെൻട്രൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4645184 | 4645184 | 3561108 | - | 1084076 |
| 7 | കെ എൽ എസ് ജി ഡി പി - സെൻട്രൽ | | 666477 | 666477 | 0 | - | 666477 |
| 8 | സാക്ഷരതാ ഫണ്ട് | 109543 | 2204 | 111747 | 69588 | 42159 | |
| 9 | എൻ ആർ ഇ ജി എസ് | 1826 | 4275628 | 4277454 | 4267991 | 9463 | |
| 10 | ട്രഷറി ടി എസ് ബി (ജോയിന്റ് വെഞ്ചർ) | 743124 | 2453438 | 3196562 | 3821562 | (625000) | |
| 11 | ബി ഫണ്ട് | | 29387828 | 29387828 | 29387828 | 0 | |
| 12 | തനത് ഫണ്ട് | 14677239 | 25578002 | 40255241 | 33453387 | 10627416 | |
| 13 | ഡിസ്ട്രിക്ക് റിലീഫ് ഫണ്ട്) | 2647 | 103 | 2750 | -- | 2750 | |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കി യത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 223 | 90686073 | 121 | 41921572 | 82 | 20 | 54 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1826 | 560136 | 561962 | 552499 | 9463 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 375492 | 3715492 | 3715492 | |
| ആകെ | 1826 | 4275628 | 4277454 | 4267991 | 9463 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17640 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 5315900 | 471 |
| വിധവാപെൻഷൻ | 7573000 | 648 |
| വാർദ്ധക്യകാല പെൻഷൻ | 13594800 | 1023 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2252800 | 189 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 375800 | 12 |
| വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന യിൽ 6224/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിതരണങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.വൗച്ചറുകൾ ക്രമത്തിൽ അനുബന്ധരേഖകൾ സഹിതം സൂക്ഷിച്ചിട്ടുണ്ട് .ഡി & ഒ ലൈസൻസിന്റെ അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. പ്രൊജക്ടുകളിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ മിക്കവയും അപൂർണ്ണമാണ് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.18 മുതൽ 14.06.18 വരെ | 5/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.06.09 | 2004- 05 മുതൽ 2008-09 വരെ | 20.07.09 |

## 1-12 വാർഷിക കണക്കുകളിലെ അപാകത

(1) വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
(2) ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
(3) വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

.

ഓഡിറ്റ് വേളയിൽ നൽകിയ എൻക്വയറി നം. 06/18ന്റെ അടിസ്ഥാനത്തിൽ രസീത് നം 118030101301/17.07.18 പ്രകാരം 2000/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - അപാകതകൾ

.

(എ) വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൂത്രക്ക ഗ്രാമപഞ്ചായത്ത് ഭരണസമിതി 14/11/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 11 പ്രകാരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ താഴ പറയുന്ന 100 ച. മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

| കെട്ടിട നം | വിസ്തൃതി | നിർണ്ണയിക്കേണ്ട നികുതി (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ് (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|---|
| X/494 | 131.86 | 9969 | 8308 | 1661 |
| V/451A | 144.50 | 10924 | 9104 | 1820 |
| IV/460h | 138.47 | 10773 | 8979 | 1794 |
| V/3A | 1899.83 | 155596 | 129665 | 25931 |
| V/451C | 167.16 | 12006 | 10006 | 2000 |
| V/451E | 217.40 | 14792 | 12327 | 2465 |
| V/31B | 117.04 | 8847 | 7375 | 1472 |
| IV/43A | 216.6 | 12282 | 10235 | 2047 |
| IV/70A | 131.32 | 9928 | 8274 | 1654 |
| V/292J | 120.65 | 9121 | 7601 | 1520 |
| ആകെ | | | | 42364 |

കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് മൂലം, 2017-18 സാമ്പത്തീക വർഷത്തിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് 42364/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ നഷ്ടം ഉത്തരവാദികളിൽ നിന്നും

ഈടാക്കേണ്ടതാണ്.

(ബി) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷീക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം പൂത്രക്ക ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ജിബി കെ എബ്രഹാം, കാട്ടുമങ്ങാട്ട് എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 50 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നം/ കെട്ടിട നം | വിസ്തതി (പ്ലിന്ത് ഏരിയ ച. മീ.) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി 60 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|
| IV/460A | 37.30 | 2820 | 2350 | 470 |
| IV/460B | 37.30 | 2820 | 2350 | 470 |
| IV/465D | 37.30 | 2820 | 2350 | 470 |
| IV/465C | 37.30 | 2820 | 2350 | 470 |
| IV/465E | 37.30 | 2820 | 2350 | 470 |
| IV/465H | 39.00 | 2801 | 2335 | 466 |
| IV/465F | 37.30 | 2820 | 2350 | 470 |
| IV/465J | 39.00 | 2801 | 2335 | 466 |
| IV/465G | 39.00 | 2801 | 2335 | 466 |
| IV/465K | 39.00 | 2801 | 2335 | 466 |
| IV/465L | 39.00 | 2801 | 2335 | 466 |
| IV/465M | 18.00 | 1293 | 1078 | 215 |
| IV/465N | 16.73 | 1265 | 1055 | 210 |
| ആകെ | | | | 5575 |

സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അവയുടെ നികുതി ഉയർന്ന നിരക്കിൽ പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(സി) ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചു

ഡി & ഒ ലൈസൻസിനായി സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് തെറ്റായ ഉപയോഗക്രമത്തിലാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്രമ നം | സ്ഥാപനം/ ലൈസൻസ് നം | കെട്ടിട നം | വിസ്തൃതി | നികുതി നിർണ്ണയിച്ച ഉപയോഗക്രമം/ നിരക്ക് | നികുതി നിർണ്ണയി ക്കേണ്ടിയിരുന്ന ഉപയോഗക്രമം/ നിരക്ക് |
|---|---|---|---|---|---|
| 1 | റെയിൻബോ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ(69) | IX/108 | 474.56 | മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ് നിയമം പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങൾ (20 രൂ./ ച. മീ.) | ഇതര വ്യവസായങ്ങൾ (50 രൂ./ ച. മീ.) |
| 2 | മോർ സൂപ്പർ മാർക്കറ്റ് (137) | V/573 V/574 V/574 V/575 V/576 | 118 | വാണിജ്യാവശ്യ ത്തിനുള്ള 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ ഷോപ്പുകൾ (50 രൂ./ ച. മീ.) | വാണിജ്യാ വശ്യത്തിനുള്ള 200 ച.മീ. വരെ തറവിസ്തീ ർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ (70 രൂ./ ച. മീ.) |
| 3 | ശ്രീമുരുകാ ബ്രിക്സ് | XIII/204A XIII/204B | 94.79 | വ്യവസാത്തിന് ആവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (15 രൂ./ ച. മീ.) | ഇതര വ്യവസായങ്ങൾ (50 രൂ./ ച. മീ.) |

വസ്തുനികുതി നിർണ്ണയത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച്, വസ്തുനികുതി പുനർനിർണ്ണയിച്ച് നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും കുടിശിക ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിലെ വ്യൂരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കുന്ന മുറക്ക് നികുതി പുനർനിർണ്ണയം നടത്തിയ ഫയലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ആയതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

(എ) പൂത്തൃക്ക ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തീക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി /രസീത് നം | കുറവ് |
|---|---|---|---|---|---|---|
| ഒന്നാം അർദ്ധവർഷം | | | | | | |
| 1 | അജിത വി | കെഎസ്എഫ്ഇ കോലഞ്ചേരി | 135258 | 1250 | 1000 117030500075 05/06/17 | 250 |
| 2 | മാനിഷ | പഞ്ചാബ് നാഷണൽ ബാങ്ക് | 210168 | 1250 | 1000 117030400032 07/09/17 | 250 |
| 3 | ശശികുമാർ കെ | ഐസിഎൽ ഫിൻകോർപ്പ് ലിമിറ്റഡ് | 52600 | 450 | 350 102204 27/09/17 | 100 |

| രണ്ടാം അർദ്ധവർഷം | | | | | | |
|---|---|---|---|---|---|---|
| 4 | ലെനിൽ കെ | പൂതൃക്ക ഗ്രാമ. പ. | 133380 | 1250 | 1000 41700243 28/0217 | 250 |
| 5 | എൽദോസ് രാജു | വാട്ടർ സപ്ലൈ സബ് ഡിവിഷൻ ചൂണ്ടി | 137484 | 1250 | 450 117030500549 2802/17 | 800 |
| 6 | ലിജേഷ് എസ് | വാട്ടർ സപ്ലൈ സബ് ഡിവിഷൻ ചൂണ്ടി | 137484 | 1250 | 450 117030500549 2802/17 | 800 |
| 7 | റോയി എം ചാക്കോ | സെന്റ് പീറ്റേഴ്സ് ഐറ്റിഐ കോലഞ്ചേരി | 92834 | 750 | 600 117030106875 16/03/18 | 150 |
| ആകെ | | | | | | 2600 |

തൊഴിൽനികുതി ഇനത്തിൽ കുറവ് വന്ന 2600/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ബി) താഴ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഒരു അർദ്ധവർഷത്തിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്

| ക്രമ നം | സ്ഥാപനം | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | എൽപി സ്കൂൾ തമ്മാനിമറ്റം | ഒന്നാം അർദ്ധവർഷം |
| 2 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് | രണ്ടാം അർദ്ധവർഷം |
| 3 | ഇൻഫ്രാ സിനർജിക്സ് പ്രൈ. ലി. | ഒന്നാം അർദ്ധവർഷം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, ബാക്കി അർദ്ധവർഷത്തിലേക്ക് കൂടി ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു - കൃത്യമായ രേഖകൾ ഇല്ല

ഭൂരിപക്ഷം അടങ്കൽ തുകയുടെ ഒരു ചെറിയ വിഹിതം തനത് ഫണ്ടിൽ വിലയിരുത്തി ചെലവഴിക്കുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്ന് കരാറുകാരന് നൽകുന്ന തുക കരാറുകാരന് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്ന രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. തുകയ്ക്കുള്ള കൈപ്പറ്റ് രസീതോ കരാറുകാരന്റെ പേരിൽ എടുത്ത ഡി.ഡി യുടെ പകർപ്പോ ലഭ്യമല്ല.

തനത് ഫണ്ടിൽ നിന്ന് നൽകുന്ന തുക ചില പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്ന് കരാറുകാരന് നേരിട്ട് നൽകുന്നു. ചില പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്ന് അസ്സി. എൻജിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് അസ്സി. എൻജിനീയറുടെ അക്കൌണ്ടിൽ നിന്നും കരാറുകാരന് തുക നൽകുകയും ചെയ്യുന്നു. തനത് ഫണ്ടിൽനിന്നും തനത് വർഷം 21,28,113/- മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

### 3-2 സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചത് - ആവശ്യകത വ്യക്തമല്ല.

| | |
|---|---|
| പ്രവൃത്തി | ആനക്കോട് ഖാദി കനാൽ ബണ്ട് റോഡ് |
| പ്രൊജക്ട് | So 114/18 |

| | |
|---|---|
| കരാറുകാരൻ | ശ്രീ. സണ്ണി പീറ്റർ |
| എം ബുക്ക് | 26/17-18 |
| നല്കിയ തുക | 2,83,594/-(bill no. 46/26-3-18) |

ഈ പ്രവൃത്തിയിൽ 16.91 എം3 സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് (specification no. od184480/17-18 പ്രകാരം) 16.91m3 x 5544.14/m3 = 93,751/- രൂപ നൽകിയിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സാധാരണ സിമന്റ് ഉപയോഗിക്കാതെ DR പണിയാണ് ചെയ്യുന്നത്. DR പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നൽകാവുന്ന നിരക്ക് (specification no. od184480/17-18 പ്രകാരം) 2981.31/m3 ആണ്. സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണഭിത്തി നിർമ്മിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

## 3-3 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തൻവർഷം 1.93കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും റോഡ് ടാറിംഗ് പ്രവൃത്തികളാണ്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് ചെയുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും വ്യക്തമല്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മെയിന്റനൻസ് ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എംബുക്കിലും രേഖപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികൾ - അപാകതകൾ

പഞ്ചായത്ത് തൻവർഷം രണ്ട് കുടിവെള്ള പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി എവിടെയാണ് കുടിവെള്ളത്തിനായി പൈപ്പ് ഇട്ടത് എന്നോ ഇതിന്റെ ഗുണഭോക്താക്കൾ ആരാണ് എന്നോ ഫയലിലോ എം ബുക്കിലോ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പരിശോധിക്കാനും സാധ്യമല്ല. പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തി ചെയ്തിട്ടുണ്ടോ എന്നു പോലും വ്യക്തമല്ല. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ കുടിവെള്ള പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരമോ ഈ പദ്ധതി ഏതെല്ലാം സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട് എന്നോ എത്ര മീറ്റർ നീളത്തിൽ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നത് സംബന്ധിച്ചോ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. നിലവിലുള്ള പദ്ധതികൾക്കായാണ് ഓരോ വർഷവും ഇപ്രകാരം തുക ചെലവഴിക്കുന്നത്. മേൽ അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ കൃത്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

**a.** ചേന്ദമോളം കുടിവെള്ള പദ്ധതി(project no S0054/18)

ഈ പദ്ധതിക്കായി ആകെ ചെലവ് - 1,95,283/- രൂപയാണ്. ഇതിൽ 430 മീറ്റർ നീളത്തിൽ 25 mm പൈപ്പിട്ടതിന് 68,803/- രൂപയും 166.8 മീറ്റർ നീളത്തിൽ 50 mm പൈപ്പിട്ടതിന് 37,228/- രൂപയും 7.5 hp മോട്ടോർ നന്നാക്കിയതിന് 29,870/-രൂപയും കിണറിന് ഗ്രില്ല് വെച്ചതിന് 50,406/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി എവിടെയാണ് കുടിവെള്ളത്തിനായി പൈപ്പ് ഇട്ടത് എന്നോ ഇതിന്റെ ഗുണഭോക്താക്കൾ ആരാണ് എന്നോ ഫയലിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

**b.** മലേക്കുരിശ് കുടിവെള്ള പദ്ധതി (project no. S0053/18)

ഈ പദ്ധതിക്കായി ആകെ ചെലവ് - 1,93,904/- രൂപയാണ്. ഇതിൽ 242 മീറ്റർ നീളത്തിൽ 40 mm പൈപ്പിട്ടതിന്

42,094/- രൂപയും 131.3 മീറ്റർ നീളത്തിൽ 50 mm പൈപ്പിട്ടതിന് 29,304/- രൂപയും സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് 63,863-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ കുഴൽ കിണറിന് പമ്പ് സെറ്റ് വാങ്ങുന്നതിന് 75,000/- ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പമ്പ് സെറ്റ് വാങ്ങിയിട്ടില്ല. ഈ പദ്ധതിക്കായി എവിടെയാണ് കുടിവെള്ളത്തിനായി പൈപ്പ് ഇട്ടത് എന്നോ ഇതിന്റെ ഗുണഭോക്താക്കൾ ആരാണ് എന്നോ ഫയലിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ഭരണ വകുപ്പ് നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ചിറാകണ്ടം - ചിറബാട്ടുപടി റോഡ് റീടാറിംഗ്- രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രവൃത്തി | ചിറാകണ്ടം - ചിറബാട്ടുപടി റോഡ് റീടാറിംഗ് |
| പ്രൊജക്ട് | So 15/18 |
| കരാറുകാരൻ | ശ്രീ. അനമോൻ ഐസക് |
| എം ബുക്ക് | 75/17-18 |
| നല്കിയ തുക | 4,84,764/--(bill no. 15/25-7-17) |

ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തിയുടെ പ്രൊജക്ടോ എസ്റ്റിമേറ്റോ ടെന്ററിന്റെ വിവരമോ ലഭ്യമല്ല. പണി പൂർത്തിയാക്കിയതായ മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമല്ല. 7/3/17- ൽ തയ്യാറാക്കിയ എഗ്രിമെന്റ് മാത്രമാണ് ഫയലിൽ ഉള്ളത്. എസ്റ്റിമേറ്റ് ഇല്ലാത്തതിനാൽ പ്രവൃത്തിയുടെ നിരക്കിന്റെ വിവരവും ലഭ്യമല്ല. ഈ പ്രവൃത്തിയിലെ ചില ഇനങ്ങൾക്ക് 2016-17 ലെ നിരക്കിനേക്കാൾ അധികം നിരക്ക് നൽകിയിട്ടുണ്ട്.
29/2/2016 ലെ ജി.ഒ (പി) 30/2016/ഫിൻ ഉത്തരവ് പ്രകാരം റോഡു പണിയിൽ ഉപയോഗിക്കുന്ന ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നല്കാൻ പാടില്ല. എന്നാൽ ഇത് ഉൾപ്പെടെയാണ് ബിൽ നല്കിയിട്ടുള്ളത്. മാത്രമല്ല ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലും ഹാജരാക്കിയില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക 484764 രൂപ തടസ്സപ്പെടുത്തുന്നു.

| ഇനം | അളവ് | നൽകിയ നിരക്ക്/ തുക | നൽകേണ്ട നിരക്ക്/ തുക |
|---|---|---|---|
| 75.5.2.1pb tack coat.. | 1202.4m2 | 18.6/m2=22365 | 11.29/m2 |
| 75.5.9.2.2pb 20mm thick premix--- | 1202.4m2 | 192.64/m2= 2,31,592 | 152.36/m2 |
| 70.5.12.3.2pb seal coat. | 1202.4m2 | 108.6/m2 | 53.35/m2 |

## 3-6 കൗമാരക്ലബ്ബിനു ലൈബ്രറി ബുക്ക് വാങ്ങിയതിൽ അപാകത

| | |
|---|---|
| പ്രൊജക്ട് | കൗമാരക്ലബ്ബിനു ലൈബ്രറി ബുക്ക് |
| പ്രൊജക്ട് നം. | S0247/18 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 98,000/-(തനതുഫണ്ട്) |
| ചെലവ് | 98,000/-(ചെക് നം.2490751/24.02.2018) |

പഞ്ചായത്തിലെ 10 അങ്കണവാടികളിലെ കൗമാര ക്ലബ്ബിനുവേണ്ടി 26 പുസ്തകങ്ങൾ വീതം വാങ്ങി നല്കിയ മേൽ പദ്ധതിയുടെ ടെന്റർ ക്ഷണിച്ചതിലും,പഞ്ചായത്തുകമ്മറ്റിയുടെ ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള (27.10.2017 തിയതിയിലെ 1(13)-ാം നം.തീരുമാനം)തീരുമാനത്തിലും അപാകത കാണുന്നു.

1. ലഭിച്ച ടെണ്ടറുകൾ ഒന്നും ബുക്ക് പബ്ലിഷേഴ്സിന്റേതല്ല.
2. വിലയിൽ ഡിസ്കൗണ്ട് ആവശ്യപ്പെടുകയോ നല്കുകയോ ചെയ്തിട്ടില്ല.
3. നെഗോസിയേഷനിലൂടെ വില കുറയ്ക്കുന്നതിന് ശ്രമിച്ചിട്ടില്ല.

പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി പുസ്തക പ്രസാധകരിൽ നിന്നുള്ള ടെൻഡർ ക്ഷണിച്ചില്ല. ലഭിച്ച ടെന്ററുകൾ – (1) Straight way Trading, Chendamangalam

(2) KSIE Ernakulam, (3) Kandathichirayil Trade links, Thalayazham P.O, Vaikom പുസ്തകപ്രസാധകരുടേതല്ല. സ്ഥാപനങ്ങൾ ടെന്ററിൽ പുസ്തകത്തിന്റെ വില മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആരുടെ പ്രസിദ്ധീകരണം എന്നു രേഖപ്പെടുത്താത്തതിനാൽ പുസ്തകത്തിന്റെ ഗുണമേന്മ താരതമ്യം ചെയ്ത് വിലയിരുത്താൻ കമ്മറ്റിക്ക് സാധിച്ചിട്ടില്ല. ഉദാ: Dictionary, G.K, Essays etc.

തൻവർഷം പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ " പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകം വാങ്ങൽ" എന്ന പദ്ധതിക്ക് ലഭിച്ച ക്വട്ടേഷനുകളെല്ലാം പുസ്തക പ്രസാധകരുടേതായിരുന്നു. അതിൽ ഡിസ്കൗണ്ടും സൂചിപ്പിച്ചിരുന്നതിനാൽ കമ്മറ്റി തീരുമാനപ്രകാരം ക്വട്ടേഷൻ അംഗീകരിച്ചത് ഗുണവും മൂല്യവും നോക്കിയാണെന്ന് വ്യക്തമാണ്. എന്നാൽ ഈ പ്രോജക്ടിൽ, കുറഞ്ഞ വില മാത്രം പരിഗണിച്ച കമ്മറ്റിയുടെ നടപടി ശരിയല്ല.

. പുസ്തകം നൽകിയ ചേന്ദമംഗലത്തെ Straight way trading എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം തുക 96,000/- രൂപയാണ്. എന്നാൽ ചെക്ക് നം. 2490751 പ്രകാരം ടി- സ്ഥാപനം കൈപ്പറ്റിയത് 98,000/- രൂപയാണ്. ഓഡിറ്റ് പരാമർശത്തെ തുടർന്ന് അധികം ചെലവായ 2,000/- ഉത്തരവാദിയിൽ നിന്നും രസീത് നം. 118030101301/17.07.2018 പ്രകാരം ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

. വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് അങ്കണവാടി വർക്കർമാർ കൈപ്പററിയതിന്റെ രേഖയും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കി. ഭാവിയിൽ മേൽപറഞ്ഞ അപാകതകൾ ഒഴിവാക്കുന്നതിനും പുസ്തകങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും വിദ്യാഭ്യാസം, ക്ഷേമകാര്യം മുതലായ സ്റ്റാന്റിംഗ് കമ്മറ്റികൾ ശ്രദ്ധിക്കേണ്ടതാണ് .

## 3-7 ഗുണഭോക്തൃവിഹിതം അധികം ഈടാക്കി

പ്രൊജക്ട് നം, പേര് - 97 / 18 , മുട്ടക്കോഴി വിതരണം

അടങ്കൽ - 239000 /-

[119500 /- (വികസന ഫണ്ട് ) + 119500 /- (മറ്റുള്ളവ )]

ചെലവ് - 239000 /-

ബിൽ നം. 2 /17-'18 , 23.10.'17 – 84000 /-

ബിൽ നം. 8 /17-'18 , 30.01.'18 – 25000 /-

ബിൽ നം. 11 /17-'18 , 23.03.'18 – 10500 /-

2017-'18 സാമ്പത്തികവർഷത്തിൽ വെറ്റിനറി സർജൻ നടപ്പിലാക്കിയ മുട്ടക്കോഴി വിതരണം എന്ന പദ്ധതി പ്രകാരം 239 ഗുണഭോക്താക്കൾക്ക് 40 ദിവസം മുതൽ 60 ദിവസം വരെ പ്രായമുള്ള 10 മുട്ടക്കോഴികൾ വീതം വിതരണം ചെയ്യുകയുണ്ടായി.10 കോഴികളടങ്ങിയ ഒരു യൂണിറ്റിന് 1000/- രൂപ എന്ന നിരക്കിലാണ് (ഗുണഭോക്തൃവിഹിതം – 500/-രൂപ) പദ്ധതി വിഭാവനം ചെയ്തത്. 50 ശതമാനം സബ്സിഡി നല്കി നടപ്പാക്കിയ ഈ പ്രൊജക്ടിൽ 164 പേരിൽ നിന്നും 500 /- രൂപ വീതവും ബാക്കി 75 പേരിൽ നിന്നും 645 /- വീതവും ഗുണഭോക്തൃവിഹിതം ഈടാക്കി . അതായത് 10875 /- ഗുണഭോക്തൃമിനത്തിൽ അധികം ഈടാക്കി. ഈടാക്കിയ തുക 23.10.'17 ലെ രസീത് നം. 117030102673 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് .അധികമായി ഈടാക്കിയ തുക തിരികെ നൽകേണ്ടതാണ്.

.

## 3-8 പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തണം

കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിൽ 362 പൊതുടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ എന്ന നിരക്കിൽ ഓരോ മാസവും 158375/- രൂപ പഞ്ചായത്ത് നല്കുന്നുണ്ട് . 31.03.2017 ൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നല്കുവാനുണ്ടായിരുന്നത് (കുടിശികയും ഫൈനും ഉൾപ്പടെ ) 36,35,403 /- രൂപയായിരുന്നു. ഇത് 31.03.2018 ആയപ്പോൾ 47,48,116 /- രൂപയായി. പഞ്ചായത്തിന്റെ കീഴിലുള്ള പൊതുടാപ്പുകളുടെ എണ്ണവും വാട്ടർ സപ്ലൈ ഓഫീസിന്റെ രേഖകളിൽ ലഭ്യമായിട്ടുള്ളവയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതായി പുത്തൻകുരിശ് വാട്ടർ സപ്ലൈ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 13.07.2017 ൽ പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ പറയുന്നുണ്ട്. പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിച്ച് അധികച്ചെലവ് ഒഴിവാക്കുന്നതിന് സംയുക്തപരിശോധന നടത്തുന്നതിനും ടാപ്പുകളുടെ വിവരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ചെലവ് രേഖകളില്ല – തുക തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ നം ,പേര് - എസ് 192/18, പകർച്ചവ്യാധി നിയന്ത്രണം-പ്രതിരോധപ്രവർത്തനങ്ങൾ

അടങ്കൽ - 50,000 (ധനകാര്യകമ്മീഷൻ അവാർഡ് )

1,00,000 (തനത് ഫണ്ട് )

ചെലവ് - 49,000 (ധനകാര്യകമ്മീഷൻ അവാർഡ് )

1,00,000 (തനത് ഫണ്ട് )

1)ബിൽ നം. 10/17-18 ,28.02.18 -49,000 /-

2) ചെക്ക് നം. 2490786 ,28.03.18 – 3,80,106 /-
പകർച്ചവ്യാധി നിയന്ത്രണം – പ്രതിരോധ പ്രവർത്തനത്തിനുള്ള 1,00,000/- രൂപയും മറ്റു പ്രോജക്ടുകൾക്കായുള്ള 2,80,106/- രൂപയും ചേർത്ത തുക)

നിർവഹണഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പിഎച്ച്സി)

2017-18 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നടപ്പിലാക്കിയ പകർച്ചവ്യാധി നിയന്ത്രണം-പ്രതിരോധപ്രവർത്തനങ്ങൾ എന്ന പ്രൊജക്ടിൽ ആഞ്ഞിപറമ്പിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും തെർമൽ ഫോഗിംഗ് മെഷിൻ മാത്രമേ വാങ്ങിയിട്ടുള്ളൂ. (ഇൻവോയ്സ് നം. 742 / 09.01.18 - 49,000 /-). ആകെ കൈപ്പറ്റിയ 3,80,106/- രൂപയിൽ 2,80,106/- രൂപ മറ്റ് പ്രൊജക്ടുകൾക്കായാണ് ചെലവഴിച്ചത് എന്നാൽ 1,00,000/- യുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ഇതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/16.7.2018) മറുപടി ഹാജരാക്കുകയുണ്ടായില്ല.

## 3-10 മുഴുവൻ മരുന്ന് ലഭിച്ചില്ല

പ്രൊജക്ട് നം.,പേര് - എസ് 175 / 18 ,പി.എച്ച്. സി ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 3,00,000 /- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം )

ചെലവ് - 3,00,000 /-

1) ബിൽ നം. 5/17-18 , 27.12.17 / 2,00,000 /-

2) ബിൽ നം. 9/17-18 , 21.02.18 / 1,00,000 /-

2017-18 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ (പി. എച്ച്. സി )കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും പി.എച്ച്.സി യിലേക്ക് 3,00,000 /- ലക്ഷം രൂപയ്ക്ക് മരുന്ന് വാങ്ങുന്നതിനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിൽ 05.07.18 തീയതി വരെ 1,38,359 /- രൂപയ്ക്കുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 1,61,641 /- രൂപയ്ക്കുള്ള മരുന്ന് ലഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ് .

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | തിരിച്ചടച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 21562 | 24/16-17 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 21562 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 21562 | 24/16-17 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 21562 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 700000 | 190/17-18 ബയോഗ്യാസ് പ്ലാന്റ് | | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 228438 | 3/17-18, ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 228438 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 625000 | 166/17-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 625000 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | 3/17-18, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | 120/17-18 പുതുപ്പനം കക്കാട്ടുപാറ പിവിഐപി കനാൽബണ്ട് റോഡ് മെയിന്റൻസ്, റിടാറിംഗ്, സംരക്ഷണഭിത്തി | 0 | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 850000 | 141/17-18, നെൽകൃഷിക്ക് നെൽവിത്ത് വിതരണവും, കൂലിച്ചെലവ് സബ്സിഡിയും | 850000 | 0 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ആകെ തിരിച്ചടച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |
| 1 | 1998-99 | 29 | ബേബി കമലം | LF/16672/spl/ cell/SC8/02 10.04.2013 | 16969 | -- | 16969 |
| 2 | 2001-2002 | 20 a, b | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 234 | -- | 234 |
| 3 | ” | 21 a, b | ” | ” | 1770 | -- | 1770 |
| 4 | ” | 22 | ” | ” | 1550 | -- | 1550 |
| 5 | ” | 24 | ” | ” | 1811 | -- | 1811 |

.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

.

(എ) സംക്ഷിപ്ത വിവരം

.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60641945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66119536 |
| വരവിനങ്ങളിലുള്ള നഷ്ടം | 44964 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 584764 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2-1 | 42364 | | ദീപു ദിവാകരൻ, സെക്രട്ടറി |
| 2-2 | 2600 | | ദീപു ദിവാകരൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 484764 | ശ്രീമതി. പാർവ്വതി ദാസ്, അസി. എഞ്ചിനീയർ |
| 3-9 | 1,00,000 | ശ്രീ. അനീഷ് ബേബി, മെഡിക്കൽ ഓഫീസർ (പി.എച്ച.സി) |
| ആകെ | 584764 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപു ദിവാകരൻ, സെക്രട്ടറി | സെക്രട്ടറി, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | ചാപ്പുരയിൽ, പാലക്കാമറ്റം,പൂത്തൃക്ക പി.ഒ, എറണാകുളം |
| അനീഷ് ബേബി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, കടയിരിപ്പ് പി.എച്ച്.സി ഐക്കരനാട് ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറേക്കര പുത്തൻപുര, മേമ്മുറി, പാമ്പാക്കുട പി.ഒ, മൂവാറ്റുപുഴ |
| ശ്രീമതി. പാർവ്വതി ദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പൻമന ഗ്രാമപഞ്ചായത്ത് , കൊല്ലം | തേജസ്, മാലിഭാഗം, ചവറ സൌത്ത് പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ഇ.(പി6)182/96 തീയതി 6.4.96 |
| 1988-89 | എൽ.എഫ്.ഇ.(പി6)182/96 തീയതി 6.4.96 |
| 1989-90 | എൽ.എഫ്.ഇ.(പി6)182/96 തീയതി 6.4.96 |
| 1996-97 | എൽ.എഫ്.ഇ.(പി2)573/98 തീയതി 3.2.99 |
| 1997-98 | എൽ.എഫ്.ഇ.(പി1)312/99 തീയതി 22.9.99 |
| 1998-99 | എൽ.എഫ്.ഇ.(പി1)833/00 തീയതി 9.10.00 |
| 2000-01 | എൽ.എഫ്.ഇ.(പി1)1647/01 തീയതി 16.12.02 |
| 2001-02 | എൽ.എഫ്.ഇ.(പി1)779/03 തീയതി 14.10.03 |
| 2002-03 | എൽ.എഫ്.ഇ.(പി1)225/05 തീയതി 20.10.05 |

| | |
|---|---|
| 2003-04 | എൽ.എഫ്.ഇ.(പി1)1877/07 തീയതി 29.4.08 |
| 2004-05 | എൽ.എഫ്.ഇ.(പി1)1878/07 തീയതി 29.4.08 |
| 2005-06 | എൽ.എഫ്.ഇ.(പി1)1344/10 തീയതി 3.11.11 |
| 2006-07 | എൽ.എഫ്.ഇ.(പി1)1345/10 തീയതി 3.11.11 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1346/10 / 03.11.11 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.ഇ.(പി1)123/13 / 06.02.13 |
| 2011-12 | എൽ.എഫ്.ഇ.(പി1)157/14 / 02.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി1)386/15 / 10.04.15 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി1)1784/15 / 30.11.15 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി1)45/17 / 25.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി1)1272 /17 16.05.18 |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി12)1625/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030

ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 13.09.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
ഡെപ്യൂട്ടി ഡയറക്ടർ

KSA-EKM(P5)/1625/2018.

Kerala State Audit Department,
District Audit Office, Ernakulam,
0484 2422271,
deoekm.ksad@kerala.gov.in
Date: 13.09.2018

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Poothrukka Grama panchayat in Ernakulam district for the year ended on 31.03.2018 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Poothrukka Grama panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Deputy Director